## ശ്ലീഹാക്കാലം ആറാം ഞായർ

**ലൂക്കാ 12:57–13:5**

### വചനസന്ദേശം

**റവ.ഡോ. അലക്സ് കരീമഠം**

മരണം എന്ന യാഥാർത്ഥ്യം നമ്മുടെ ശാരീരിക ജീവനെ നശിപ്പിക്കുമ്പോൾ, ആത്മീയജീവൻ കാത്തുപരിപാലിക്കാൻ നമ്മൾ എന്തു ചെയ്യണമെന്ന് ഇന്നത്തെ വചനഭാഗം നമ്മളെ അനുസ്മരിപ്പിക്കുന്നു. മരണത്തിന്റെ അപ്രതീക്ഷിതമായ വരവിനെ ഉദാഹരണസഹിതം അവതരിപ്പിക്കുന്ന ഈശോ, അനുരഞ്ജനത്തിന്റെ വഴികളും പശ്ചാത്താപത്തിന്റെ മനോഭാവവും, മരണത്തെ ഭയപ്പെടാത്ത ക്രിസ്തുശിഷ്യന്റെ അനുദിനജീവിതത്തിലെ അനിവാര്യമായ ശൈലികളാണെന്ന് പഠിപ്പിക്കുന്നു.

**എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല (ലൂക്കാ 12:57)**

“ശരിയായ വിധി” എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്ന ചിന്ത, കാര്യങ്ങൾ മനസ്സിലാക്കി, വിചാരണ നടത്തി, നിയമാധിഷ്ഠിതമായും നീതിയുക്തമായും നടത്തുന്ന വിധിയെക്കുറിച്ചാണ്. എന്നാൽ ഈ വചനഭാഗത്ത് എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല എന്ന വചനത്തിന് എന്തുകൊണ്ട് യേശുവിനെ നിങ്ങൾ ശരിയായി മനസ്സിലാക്കുന്നില്ല എന്നൊരർത്ഥം കൂടി കൈവരുന്നുണ്ട്. ഇന്നത്തേതു പോലെ ശാസ്ത്രം വികസിച്ചിട്ടില്ലാത്ത യേശുവിന്റെ കാലഘട്ടത്തിലെ ജനങ്ങൾ കാലാവസ്ഥ വ്യതിയാനങ്ങൾ സ്വന്തമായ നിരീക്ഷണത്തിലൂടെ മനസ്സിലാക്കുന്നതിൽ പ്രത്യേക കഴിവുള്ളവരായിരുന്നു. അവർ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിച്ച്, വിലയിരുത്തി കൃത്യമായ കാലാവസ്ഥ പ്രവചനങ്ങൾ നടത്തിയിരുന്നു. പ്രകൃതിയിൽ വരുന്ന മാറ്റങ്ങൾ വിലയിരുത്താനുള്ള ജനത്തിന്റെ കഴിവിനെ അഭിനന്ദിക്കുന്ന ഈശോ അവരെ കുറ്റപ്പെടുത്തിക്കൊണ്ട് ചോദിക്കുകയാണ്: “എന്നാൽ കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്? എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല?”. കാലഘട്ടത്തിന്റെ അടയാളമായി അവതരിച്ചവനാണ് ക്രിസ്തു. ക്രിസ്തുവിന്റെ വചനങ്ങൾ കേൾക്കുകയും അദ്ഭുതങ്ങൾ കാണുകയും ചെയ്തിട്ടും യേശുവിനെ കാലഘട്ടത്തിന്റെ അടയാളമായി വ്യാഖ്യാനിക്കാനോ മനസ്സിലാക്കാനോ അവർക്കു കഴിഞ്ഞില്ല. യേശു അവതരിപ്പിച്ച മാനസാന്തരം എന്ന പുതിയ കാലാവസ്ഥയെ മനസ്സിലാക്കാനോ വ്യാഖ്യാനിക്കാനോ കഴിയാത്ത ജനത്തെ ശരിയായ ദിശയിലേക്ക് നയിക്കാൻ സഹായിക്കട്ടെ എന്നു കരുതി യേശു ഉന്നയിക്കുന്ന രണ്ട് ചോദ്യങ്ങളാണ്: കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്? എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല? ഈശോയുടെ ഈ ചോദ്യം സർവകാല പ്രസക്തമാണ്. ഒരുപാട് കാര്യങ്ങളെക്കുറിച്ച് നമുക്ക് അറിവുണ്ട്. പക്ഷേ, യേശുവെന്ന വ്യക്തിയെക്കുറിച്ച് ശരിയായ അറിവ് എനിക്കുണ്ടോ?

കമ്പ്യൂട്ടറിനെക്കുറിച്ചും മൊബൈലിനെക്കുറിച്ചും ഫെയ്സ് ബുക്കിനെക്കുറിച്ചും വാട്സ്ആപ്പിനെക്കുറിച്ചുമെല്ലാം അറിവു നേടുന്ന ഞാൻ യേശുവിനെക്കുറിച്ചുള്ള അറിവു സമ്പാദിക്കുന്നതിൽ വിമുഖത കാണിക്കുമ്പോൾ എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല? എന്ന ചോദ്യം നമുക്കു ചുറ്റും പ്രകമ്പനം കൊള്ളുന്നുണ്ട്. യേശുവിന്റെ മനസ്സ് വായിക്കാനും വ്യാഖ്യാനിക്കാനും ക്രിസ്ത്യാനിക്ക് കഴിയണം. മാനസാന്തരത്തിന് ആഹ്വാനം ചെയ്യുന്ന ക്രിസ്തുമനസ്സാണ് കാര്യങ്ങളെ മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള പുതിയ അടയാളം.

**വഴിയിൽ വച്ചുതന്നെ രമ്യതപ്പെട്ടു കൊള്ളുക (ലൂക്കാ 12:58)**

നീ നിന്റെ ശത്രുവിന്റെ കൂടെ അധികാരിയുടെ അടുത്തേയ്ക്ക് പോകുമ്പോൾ വഴിയിൽ വച്ചുതന്നെ അവനുമായി രമ്യതപ്പെട്ടു കൊള്ളുക എന്ന് ഒരു സാധാമട്ടിൽ പറഞ്ഞു തുടങ്ങുന്ന ഈശോയുടെ വാക്കുകൾ പെട്ടെന്നുതന്നെ ഒരു മുന്നറിയിപ്പിന്റെ ശബ്ദമായി മാറുകയാണ്. മുന്നറിയിപ്പ് ഇതാണ്: അധികാരി നിന്നെ ന്യായാധിപന്റെ അടുത്തേയ്ക്കും ന്യായാധിപൻ നിന്നെ

കാരാഗൃഹത്തിലേയ്ക്കും നയിക്കും. അവസാനത്തെ തുട്ടുവരെ കൊടുക്കാതെ നീ അവിടെ നിന്ന് പുറത്തുവരികയില്ല. അവസാനത്തെ തുട്ടുവരെ എന്നു വച്ചാൽ യേശുവിന്റെ കാലത്ത് നിലവിലിരുന്ന ഏറ്റവും ചെറിയ തുക (ഒരു ദനാറയുടെ 1/128). യേശുവിന്റെ കാലഘട്ടത്തിൽ സാമ്പത്തികവും കടബാധ്യതകളുമായി ബന്ധപ്പെട്ട ഒരുപാട് പ്രശ്നങ്ങൾ സമൂഹത്തിൽ ഉണ്ടായിരുന്നു. എന്നാൽ അത് ന്യായാധിപന്റെ പകലെ കേസായി മാറിക്കഴിഞ്ഞാൽ അതിൽ നിന്ന് ഊരിപ്പോരുക എളുപ്പമായിരുന്നില്ല. പണം കടം വാങ്ങി കടബാധ്യത തീർത്ത് കാരാഗൃഹത്തിൽ നിന്ന് മോചിതനാകാമെന്ന് വിചാരിച്ചാൽ കൊടുക്കേണ്ടി വരുന്ന പലിശ പാവപ്പെട്ടവന് താങ്ങാവുന്നതിലും അധികമായിരുന്നു. ജയിൽമോചിതനാകണമെങ്കിൽ കടബാധ്യതയുടെ അവസാനത്തെ തുട്ടുവരെ കൊടുത്തു തീർക്കേണ്ടിയിരുന്നു. അത് തീർക്കാൻ പറ്റാതെ ആയുഷ്കാലം മുഴുവനും ജയിലിൽ ജീവിതം നയിച്ചവരും ഉണ്ടായിരുന്നു. ഇത്തരം ദയനീയമായ സാചര്യങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള ഈശോ പറയുകയാണ്: പ്രതിയോഗിയുമായി വഴിയിൽ വച്ചുതന്നെ രമ്യതപ്പെട്ടു കൊള്ളുക. കടബാധ്യത മൂലം തന്നെ കാത്തിരിക്കുന്ന ദയനീയമായ ജീവിതസാഹചര്യത്തെ അതിജീവിക്കാൻ വിവേകപൂർണമായ തീരുമാനം എന്നു പറയുന്നത് വഴിയിൽ വച്ചുതന്നെ രമ്യതപ്പെട്ട് ന്യായാധിപന്റെ അടുത്തേക്കു പോകുന്നത് ഒഴിവാക്കുന്നതാണ്.

നിയമങ്ങൾക്കനുസരിച്ച് ന്യായവിധി നടത്തുന്ന ന്യായാധിപന്റെ വിധിവാചകത്തിൽ നിന്നു രക്ഷപ്പെടാൻ പറ്റാത്ത പ്രതികളെ ചൂണ്ടിക്കാട്ടി ഈശോ പഠിപ്പിക്കുന്നു: അന്ത്യവിധിയുടെ ന്യായാധിപൻ ദൈവമാണ്. അനുരഞ്ജനവും ആത്മരക്ഷയ്ക്ക് അനിവാര്യമായ രണ്ടു ഘടകങ്ങളാണ്. ഇതു രണ്ടും അവസാനനിമിഷത്തേക്ക് നീട്ടിവെച്ചാൽ മരണം അപ്രതീക്ഷിതമായി കടന്നുവരികയും ആത്മരക്ഷ നഷ്ടമാവുകയും ചെയ്യും. അതുകൊണ്ടാണ് ഈശോ പറയുക: പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും ഇതുപോലെ നശിക്കും.

**എന്താണ് പശ്ചാത്താപം?**

പശ്ചാത്താപം കുറ്റബോധമല്ല. കുറ്റബോധത്തിന്റെ ഭാരം ഒരു പക്ഷേ നമ്മെ നിരാശയിലേക്ക് നയിക്കുകയും നമ്മളെ നിരുന്മേഷരാക്കുകയും ചെയ്യും. എന്നാൽ ഞാൻ ചെയ്യുന്ന പ്രവൃത്തി ശരിയല്ല എന്ന തിരിച്ചറിവ്, ആ തെറ്റിൽ നിന്ന് പിന്മാറാനുള്ള സന്മനസ്സ് പ്രദാനം ചെയ്യുന്നു. പാപത്തെക്കുറിച്ചുള്ള സ്വയാവബോധവും തിരിച്ചറിവുമാണ് പശ്ചാത്താപം. അപ്പോഴാണ് പശ്ചാത്താപം നമ്മെ അനുരഞ്ജനത്തിലേയ്ക്കും അനുതാപത്തിലേയ്ക്കും നയിക്കുക.

**അവർ മറ്റുള്ളവരെക്കാൾ കൂടുതൽ പാപികളായിരുന്നു എന്നു നിങ്ങൾ കരുതുന്നുവോ? (ലൂക്കാ 13:2-4)**

ഇന്നത്തെ വചനഭാഗത്ത് രണ്ട് ദുരന്തങ്ങൾ യേശു പരാമർശിക്കുന്നുണ്ട്. ആദ്യത്തേത് പീലാത്തോസ് നടത്തിയ കൊലപാതകം; രണ്ടാമത്തേത് സീലോഹായിലെ ഗോപുരം തകർന്ന് കൊല്ലപ്പെട്ടവർ. ആദ്യത്തേത് ഒരു പക്ഷേ, പീലാത്തോസിന്റെ കരുതിക്കൂട്ടിയുള്ള കൊലപാതകമാകാം. എന്നാൽ രണ്ടാമത്തേത് ആകസ്മികമായ മരണമാണ്. ഈ രണ്ടു ദുരന്തങ്ങളും പരാമർശിച്ചശേഷം യേശു ചോദിക്കുന്നു: ഇവയെല്ലാം അനുഭവിച്ച അവർ മറ്റുള്ളവരെക്കാൾ പാപികളായിരുന്നു എന്നു നിങ്ങൾ കരുതുന്നുവോ? അല്ല എന്ന് ഞാൻ പറയുന്നു. യേശുവിന്റെ കാലഘട്ടത്തിൽ സമൂഹത്തിൽ നിലനിന്നിരുന്ന ശക്തമായ ചിന്ത ആയിരുന്നു, ദുർമരണങ്ങളും ദുരന്തങ്ങളും സംഭവിക്കുന്നത് എന്തോ ഗൗരവതരമായ തിന്മ ചെയ്തതുകൊണ്ടാണ് എന്നുള്ളത്. ഈ ചിന്താഗതിയെ തിരുത്തുന്ന ഈശോയെയാണ് ഈ വചനഭാഗത്ത് നമ്മൾ കാണുക. അതുകൊണ്ടാണ് യേശു പറയുക: അല്ല എന്നു ഞാൻ പറയുന്നു. അതായത്, കൂടുതൽ പാപികളായതു കൊണ്ടല്ല അവർ മരിച്ചത് എന്നർത്ഥം. മരണത്തെ പാപത്തിന്റെ ഫലമായി കടന്നുവരുന്ന ദൈവികശിക്ഷയായി കാണാൻ കഴിയില്ല. മറിച്ച് മരണം ഏതു നിമിഷവും ഏതു രീതിയിലും നമ്മെ സമീപിക്കാം. മറ്റുള്ളവരുടെ ക്രൂരതയും പ്രകൃതിദുരന്തങ്ങളും അപകടങ്ങളും രോഗവുമെല്ലാം മനുഷ്യന്റെ ശാരീരിക ജീവനെ മരണത്തിലേയ്ക്ക് നയിച്ചേക്കാം. അത്രയ്ക്ക് ബലഹീനമാണ് മനുഷ്യജീവിതം. ഈ രണ്ടു ദുരന്തങ്ങളും പരാമർശ വിഷയമാകുന്നതിലൂടെ യേശു നമ്മുടെ മുന്നിൽ അവതരിപ്പിക്കുക ജീവിതത്തിന്റെ നൈമിഷികത ആണ്. ഏതു നിമിഷവും നിലച്ചുപോകുന്ന ഒരു ഘടികാരമാണ് നമ്മുടെ ജീവിതം. മരണത്തിനു മുന്നിൽ മരുന്നില്ല. ആയതിനാൽ അപ്രതീക്ഷിതമായി കടന്നുവരുന്ന മരണത്തെ നേരിട്ട് ആത്മാവിനെ രക്ഷിക്കണമെങ്കിൽ ഓരോ ക്രിസ്ത്യാനിയും സദാസമയം ജാഗ്രതയോടെ ജീവിക്കണം. ഈ ജാഗ്രതയ്ക്കുവേണ്ട രണ്ടു അനിവാര്യഘടകങ്ങളാണ്

മറ്റുള്ളവരുമായി അനുരഞ്ജനത്തിൽ ആയിരിക്കേണ്ടതും ജീവിതത്തിൽ വന്നുപോയ അപാകതകളെ ഓർത്ത് അനുതപിക്കേണ്ടതും. ഇത്തരത്തിലുള്ള ഒരു ജീവിതദർശനം കാത്തുസൂക്ഷിക്കാൻ ഇന്നത്തെ വചനഭാഗം നമ്മെ ശക്തിപ്പെടുത്തട്ടെ.